## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6811 — 13.07.2012-ൽ മറുപടിക്ക്

### എയ്ഡ്സിനെതിരായ അനധികൃത ചികിത്സയും വ്യാജമരുന്നുകളും വ്യാപകമാകുന്നതായ പ്രചരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.നാരായണൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എയ്ഡ്സിനെതിരായ അനധികൃത ചികിത്സയും വ്യാജമരുന്നുകളും വ്യാപകമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എയ്ഡ്സ് രോഗികൾക്ക് പ്രതിരോധശേഷി കൂട്ടുന്നതിന് സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന ആന്റി റിട്രോവൈറൽ മരുന്നുകൾ അനധികൃത ചികിത്സക്കാർ വൻതുകയ്ക്ക് വിൽക്കുന്നതായ വാർത്ത പരിശോധിച്ചിട്ടുണ്ടോ ; | (ബി) ഇത്തരം പരാതി രേഖാമൂലം ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വിശദമായി പരിശോധിച്ചിട്ടില്ല. |
| (സി) എയ്ഡ്സ് ബാധിതർക്കിടയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ഇതു സംബന്ധിച്ച് എത്ര പരാതികൾ നൽകിയിട്ടുണ്ട് ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ' | (സി) രേഖാമൂലം പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 17.06.2010-ൽ കൂടിയ സ്റ്റേറ്റ് ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയിൽ ഈ വിഷയം അണുബാധിതർ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യാജമരുന്നുകൾ ഉപയോഗിക്കരുത് എന്ന സന്ദേശം ഉൾപ്പെടുത്തിക്കൊണ്ടുള്ള ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) ഈ രംഗത്തെ വ്യാജ മരുന്ന വിൽപ്പനയും അനധികൃത ചികിത്സയും തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) വ്യാജ മരുന്ന വിൽപ്പനയും അനധികൃത ചികിത്സയും സംബന്ധിച്ച പരാതി ലഭിക്കുന്ന പക്ഷം അവ നിയന്ത്രിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ